# ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം

**വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035**

**ഫോൺ: 0471 2302490 ഫാക്സ് :0471 2303025/2303080**

ഇ-മെയിൽ: dhskerala@gmail.com  വെബ്സൈറ്റ്: www.dhs.kerala.gov.in


നം: ഇ എസ്2-7544/2025/ആവഡ  തീയതി: 28-03-2025

## നോട്ടീസ്

വിഷയം:- ആരോഗ്യ വകുപ്പ് - സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിലെ റാങ്ക് നിർണ്ണയത്തിലെ അപാകത പരിഹരിക്കുന്നത് - സീനിയോറിറ്റി പുനർ നിർണ്ണയിച്ച് നോട്ടീസ് പുറപ്പെടുവിക്കുന്നു.

സൂചന:-

1.ഉത്തരവ് നം. ഇഎസ്.2/40318/12/ആവഡ തീയതി 15/12/2014

2. ഉത്തരവ് നം. ഇഎസ്2-40318/2017/ആവഡ തീയതി. 11/05/2018

3.ഉത്തരവ് നം. ഇ എസ്2-57333/2020/ആവഡ തീയതി. 16/9/2020

4. കുറിപ്പ് നം ഡിഎച്ച്എസ്/13/2024-ഇഡി1 തീയതി. 17/03/2025

തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീ. സെൻകുമാർ. ഡി. പി ക്ലാർക്കായി 31/10/2003 ന് സർവ്വീസിൽ പ്രവേശിച്ചു. 01/01/2003 മുതൽ 31/12/2008 വരെയുള്ള ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ റാങ്ക് 31 A ആയി ഉൾപ്പെടുകയും അക്കൗണ്ട് ടെസ്റ്റ് യോഗ്യത 01/2012 നു നേടിയതിനെ തുടർന്ന് ഉത്തരവ് നം ഇഡി1/03/2012/ആവഡ തീയതി 14/08/2012 പ്രകാരം സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നൽകുകയും സൂചന 2 പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ 17/06/2000 മുതൽ 31/08/2012 വരെയുള്ള കാലയളവിലെ സൂചന 1 പ്രകാരമുള്ള സീനിയർ ക്ലാർക്കുമാരുടെ അന്തിമ സീനിയോറിറ്റി പട്ടികയിൽ 796 A എന്ന റാങ്ക് നമ്പർ നൽകി ഉൾപ്പെടുത്തുകയും ചെയ്തിരുന്നു.

കോഴിക്കോട് ഗവണ്മെന്റ് മെഡിക്കൽ കോളേജ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെറ്റേണൽ ആൻഡ് ചൈൽഡ് ഹെൽത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി. ഷെറിജ. വി ക്ലാർക്കായി 17/11/2003 ന് സർവ്വീസിൽ പ്രവേശിച്ചു. 01/01/2003 മുതൽ 31/12/2008 വരെയുള്ള ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ റാങ്ക് 35 ആയി ഉൾപ്പെടുകയും അക്കൗണ്ട് ടെസ്റ്റ് യോഗ്യത 07/2011 നു നേടിയതിനെ തുടർന്ന് ഉത്തരവ് നം ഇഡി1/03/2017 തീയതി 21/12/2017 പ്രകാരം സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നൽകുകയും സൂചന 3 പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ 17/06/2000 മുതൽ 31/08/2012 വരെയുള്ള കാലയളവിലെ സൂചന 1 പ്രകാരമുള്ള സീനിയർ ക്ലാർക്കുമാരുടെ അന്തിമ സീനിയോറിറ്റി പട്ടികയിൽ 796 A എന്ന റാങ്ക് നമ്പർ നൽകി ഉൾപ്പെടുത്തുകയും ചെയ്തിരുന്നു.

ഇപ്രകാരം ഒരേ റാങ്ക് നമ്പർ രണ്ടു ജീവനക്കാർക്ക് നൽകിയതിൽ ഉണ്ടായ അപാകത പരിഹരിക്കുന്നതിനായി സീനിയർ ക്ലാർക്ക് തസ്തികയിൽ ഒഴിവ് വന്ന തീയതി, ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി പട്ടികയിലെ സ്ഥാനം എന്നിവ പരിഗണിച്ചു 17/06/2000 മുതൽ 31/08/2012 വരെയുള്ള കാലയളവിലെ സൂചന 1 പ്രകാരമുള്ള സീനിയർ ക്ലാർക്കുമാരുടെ അന്തിമ സീനിയോറിറ്റി പട്ടികയിൽ ശ്രീ സെൻകുമാർ ഡി പി യുടെ റാങ്ക് നമ്പർ 796 A ആയും ശ്രീമതി. ഷെറിജ. വി യുടെ റാങ്ക് നമ്പർ 796 B ആയും പുനർ നിർണ്ണയിച്ച് താൽക്കാലികമായി തീരുമാനിച്ച് നോട്ടീസ് പുറപ്പെടുവിക്കുന്നു.

വിശദവിവരം ചുവടെ ചേർക്കുന്നു.

| Sl No | Name & PEN | Date of Birth | Date of Entry in Service | Rank No in LDC Seniority List | Departmental Qualification | Date of order of promotion as Senior Clerk | Date of occurrence of vacancy | Existing Rank No | Proposed Rank No |
|---|---|---|---|---|---|---|---|---|---|
| 1 | Habeesa K K 328461 | 15/05/1969 | 15/06/2001 | UDT | MOP 6/2002 AT(L) 07/2010 | 14/08/2012 | 31/03/2012 | 796 | - |
| 2 | Senkumar D P 185289 | 10/03/1979 | 31/10/2003 | 31A (2003-2008) | MOP 6/2002 AT(L) 1/2012 | 14/08/2012 | 31/03/2012 | 796A | 796A |
| 3 | Sherija.V 367278 | 25/04/1977 | 17/11/2003 | 35 (2003-2008) | MOP 1/2010 AT(L) 7/2011 | 21/12/2017 | 31/03/2012 | 796A | 796B |
| 4 | K.A. Rahana 235259 | 22/05/1972 | 27/12/2003 | 59 (2003-2008) | MOP 6/2005 AT(L) 1/2011 | 14/08/2012 | 31/03/2012 | 797 | - |

ഈ നോട്ടീസിന്മേൽ ആർക്കെങ്കിലും പരാതികളെന്തെങ്കിലും ഉണ്ടെങ്കിൽ

ആയത് ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 7 ദിവസത്തിനകം രേഖാമൂലം ഉചിതമാർഗ്ഗേണ ഈ ആഫീസിൽ എത്തിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആക്ഷേപങ്ങളൊന്നും ഇല്ലായെന്ന നിഗമനത്തിൽ താത്ക്കാലിക തീരുമാനം സ്ഥിരീകരിച്ച് ഉത്തരവാകുന്നതാണ്.

Signed by
M . Abul Kalam
Date: 28-03-2025 16:02:16

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്,

1. ശ്രീ. സെൻകുമാർ. ഡി. പി
   സീനിയർ ക്ലാർക്ക്
   ജില്ലാ മെഡിക്കൽ ഓഫീസ് (ആ)
   തിരുവനന്തപുരം
2. ശ്രീമതി. ഷെറിജ.വി
   സീനിയർ ക്ലാർക്ക്
   ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെറ്റേണൽ ആൻഡ് ചൈൽഡ് ഹെൽത്ത്
   ഗവണ്മെന്റ് മെഡിക്കൽ കോളേജ്, കോഴിക്കോട്

(ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേനെ)

പകർപ്പ്:

1. എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും(ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേനെ)
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്
3. സൂപ്രണ്ട്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെറ്റേണൽ ആൻഡ് ചൈൽഡ് ഹെൽത്ത് ,ഗവണ്മെന്റ് മെഡിക്കൽ കോളേജ്,കോഴിക്കോട്
4. സൂപ്രണ്ട്, ഇഡി സെക്ഷൻ
5. ഫയൽ/കരുതൽ ഫയൽ.